നമ്പർ എം. 3/82749/2015/ഡി.പി.ഐ

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി: 19.11.2015.

പ്രേക്ഷിതൻ,

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

സ്വീകർത്താവ്,

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും,
2. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

സർ,

വിഷയം : പൊ.വി. - കേരള സ്റ്റേറ്റ് ഭാരത് സ്കൗട്ട്സ് ആന്റ് ഗൈഡ്സ് - സാന്ത്വന സന്ദേശ യാത്ര 2015 - സംബന്ധിച്ച് -

സൂചന : 14.10.2015 ലെ കെ.എസ്.ബി.എസ് & ജി സംസ്ഥാന സെക്രട്ടറിയുടെ ജി 3/ 1183/2015/കെ.എസ്.ബി.എസ്.ജി നമ്പർ കത്ത്.

**********************************

മേൽ സൂചന പ്രകാരം കേരള സ്റ്റേറ്റ് ഭാരത് സ്കൗട്സ് ആന്റ് ഗൈഡ്സിന്റെ ആഭിമുഖ്യത്തിൽ 2015 നവംബർ 27 മുതൽ ഡിസംബർ 8 വരെ നടത്തുന്ന സാന്ത്വന സന്ദേശയാത്രയ്ക്ക് വിദ്യാഭ്യാസ വകുപ്പിന്റെ സഹായങ്ങൾ അഭ്യർത്ഥിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് ഭാരത് സ്കൗട്ട്സ് ആന്റ് ഗൈഡ്സ് നടത്തി വരുന്ന ആരോഗ്യ - ശുചിത്വ - സേവന പ്രവർത്തനങ്ങളുടെ ഭാഗമായാണ് പരിപാടി സംഘടിപ്പിച്ചിട്ടുള്ളത്. സ്കൂളുകളിലെ സ്കൗട്ട് - ഗൈഡ് യൂണിറ്റുകളുടെ മേൽ നോട്ടത്തിൽ രക്ഷിതാക്കളിൽ നിന്നും ആഴ്ചയിൽ ഒരു രൂപ ക്രമത്തിൽ സമാഹരിക്കുന്ന (വൺവീക്ക് വൺറുപ്പീ) തുക ഉപയോഗിച്ച് കാൻസർ പോലുള്ള മാരക രോഗങ്ങളാൽ കഷ്ടത അനുഭവിക്കുന്നവരെ സഹായിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. സ്കൂൾതലം മുതൽ വിദ്യാഭ്യാസ ജില്ലാതലം വരെ തെരഞ്ഞെടുക്കപ്പെട്ട ഏറ്റവും കഷ്ടത അനുഭവിക്കുന്ന രോഗികളെ പദ്ധതിയിലൂടെ സഹായിക്കാനാവും. സാന്ത്വന സന്ദേശയാത്രയുടെ സമാപനത്തോടനുബന്ധിച്ച് തിരുവനന്തപുരം റീജ്യനൽ കാൻസർ സെന്ററിന് ഒരു ആംബുലൻസ് സൗജന്യമായി നൽകാനും പദ്ധതിയുണ്ട്. സാന്ത്വന സന്ദേശയാത്രയ്ക്കും അനുബന്ധ പ്രവർത്തനങ്ങൾക്കും ആവശ്യമായ പിന്തുണ എല്ലാ സ്കൂളുകളും നൽകേണ്ടതാണെന്ന് അറിയിക്കുന്നു.

വിശ്വസ്തതയോടെ

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

പകർപ്പ്:

1. എല്ലാ സ്കൂൾ ഹെഡ്മാസ്റ്റർമാർക്കും (എഇഒ / ഡിഇഒ മുഖേന)
2. സ്റ്റേറ്റ് സെക്രട്ടറി, കേരള സ്റ്റേറ്റ് ഭാരത് സ്കൗട്സ് ആന്റ് ഗൈഡ്സ്